No. CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് –2015 ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2015–ലെ മെഡിക്കൽ /എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. **56,689** വിദ്യാർത്ഥികൾ സമർപ്പിച്ച **16,86,142** ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ഒന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **26.06.2015** മുതൽ **03.07.2015** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് മേൽപ്പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ്. **എന്നാൽ ഇവർ ഒന്നാം ഘട്ടത്തിൽ അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതില്ല.** നിശ്ചിത സമയത്തിനുള്ളിൽ ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതും അവർ ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്. ഇവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിലവിലുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പരിഗണിക്കുന്നതല്ല.

**കുറിപ്പ്:– കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ സമ്മത പത്രമോ സംസ്ഥാന സർക്കാറിന്റെ അനുമതിയോ ലഭ്യമാക്കിയിട്ടില്ലാത്ത കോഴ്സുകളെയും കോളേജുകളെയും ഈ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
25.06.2015